(ബി) സ്പെഷ്യൽ റൂൾ ഭേദഗതി കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നും കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) ഹയർ സെക്കണ്ടറി അദ്ധ്യാപകരേതര ജീവനക്കാരെ സംബന്ധിക്കുന്ന ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത കമ്മിറ്റി പരിശോധിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ലാബ് അസിസ്റ്റന്റുമാരുടെ നിലവിലുള്ള ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് എന്ന നിബന്ധന മാറ്റി അവർക്ക് തൊഴിലിന് സഹായകരമാവുന്ന പ്രായോഗിക പരിശീലന പരിപാടി (ഇൻ സർവ്വീസ് കോഴ്സ്) ഏർപ്പെടുത്തുവാനുള്ള ആവശ്യം സ്പെഷ്യൽ റൂൾ ഭേദഗതി സമിതിയുടെ പരിഗണനയിൽ ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ലാബ് അസിസ്റ്റന്റുമാരുടെ യോഗ്യതാപരിഷ്കരണം, അദ്ധ്യാപക/ അനദ്ധ്യാപക പ്രൊമോഷൻ എന്നീ വിഷയങ്ങൾ സ്പെഷ്യൽ റൂൾ ഭേദഗതിയുടെ പരിഗണനയിലുണ്ടോ ;

(എഫ്) സ്പെഷ്യൽ റൂൾ ഭേദഗതി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നിലപാടുകൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് ഭേദഗതിക്കായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതു വിദ്യാഭ്യാസ (എസ്സി.) വകുപ്പിലെ അഡീഷണൽ സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി-എഫ്) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച കരട് പ്രൊപ്പോസൽ സമിതി പരിശോധിച്ച് സമയബന്ധിതമായി ഭേദഗതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്

39 (3762) <u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്താംതരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക, പഠനം നഷ്ടപ്പെട്ടുപോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക, തൊഴിൽ/സംരംഭകത്വശേഷി പഠിതാക്കളിൽ വളർത്തുക, പാർശ്വവത്ക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർപഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക എന്നിവയാണ് ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ മുഖേന എസ്.സി.ഇ.ആർ.ടി., ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും സമ്പർക്ക പഠന ക്ലാസുകൾ (ബ്രിഡ്ജ് കോഴ്സ്) ആരംഭിക്കുകയും പഠന സാമഗ്രികൾ തയ്യാറാക്കി അച്ചടിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഹയർ സെക്കണ്ടറി വകുപ്പിലെ പുതിയ അദ്ധ്യാപക തസ്തികകൾ

40 (3763) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പ് പുതിയതായി എത്ര അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly